**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **12-01-2021 - ൽ മറുപടിയ്ക്ക്**

**സിസ്റ്റമറ്റിക്ക് ലൂപസ് എരിത്തമറ്റോസിസ് രോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ യു. ആർ. പ്രദീപ്** | | **Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സിസ്റ്റമറ്റിക്ക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന മാരകരോഗത്തിന് സൗജന്യ ചികിത്സാ സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകണമെന്നതിനെക്കുറിച്ചുള്ള ഹെൽത്ത് - എഫ്.ഡബ്ല്യു2/1/2020-ആരോഗ്യം നമ്പർ ഫയലിൽ എന്ത് നടപടികളും തീരുമാനങ്ങളും ആണ് ഇതുവരെ എടുത്തിട്ടുള്ളത്; എടുത്ത നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സിസ്റ്റമറ്റിക്ക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന രോഗത്തിന് സൗജന്യ ചികിത്സാ സൗകര്യങ്ങളും, ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ അപൂർവ്വ രോഗം ബാധിച്ചവരുടെ സംഘടന ശ്രീ. യു. ആർ പ്രദീപ് എം.എൽ.എ മുഖേന സമർപ്പിച്ച നിവേദനത്തിന്മേൽ FW2/1/2020-Health നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ, പ്രോജക്ട് ഡയറക്ടർ, ചിയാക്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ എന്നിവരിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ലൂപസ് അഥവാ സിസ്റ്റമിക് ലൂപസ് എരിത്തമറ്റോസിസ് രോഗ ചികിത്സയ്ക്കായി ഉപയോഗിച്ചു വരുന്നത് കീമോതെറാപ്പി മരുന്നായ സൈക്ലോഫോസ്ഫമൈഡ്, ബയോളജിക്കൽ മരുന്നായ Rituximab എന്നീ മരുന്നുകളുമാണ്. നിലവിലുള്ള മരുന്നു പട്ടിക പ്രകാരം ടി മരുന്നുകൾ, വാർഷിക ഇൻഡന്റ് മുഖേന ആവശ്യപ്പെടുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികൾ എന്നിവയിലൂടെ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിപണി വിലയെക്കാൾ വളരെ കുറഞ്ഞ വിലയിൽ ഈ മരുന്നുകൾ നൽകി വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08/01/2021 തീയതിയിലെ കത്ത് പ്രകാരം KGSMA Rule 1960 പ്രകാരം സിസ്റ്റമിക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന രോഗത്തെ |

| | | | |
|---|---|---|---|
| | | | ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ടി അസുഖത്തിന് നൽകുന്ന മരുന്നും പരിശോധനകളും ടി അസുഖങ്ങൾ KGSMA അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നവയാണ് എന്നും ശുപാർശ ചെയ്തിട്ടുണ്ട്. മേൽ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | വിവിധ സർക്കാർ എജൻസികളുടെ ആശ്വാസ നടപടികൾ പ്രതീക്ഷിക്കുന്ന സിസ്റ്റമറ്റിക്ക് ലൂപസ് എരിത്തമറ്റോസിസ് രോഗികൾക്ക് ആശ്വാസമെത്തിക്കുന്നതിനായി ഈ ഫയലിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സിസ്റ്റമറ്റിക്ക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന രോഗത്തിന് സൗജന്യ ചികിത്സാ സൗകര്യങ്ങളും, ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ അപൂർവ്വ രോഗം ബാധിച്ചവരുടെ സംഘടന ശ്രീ. യു. ആർ പ്രദീപ് എം.എൽ.എ മുഖേന സമർപ്പിച്ച നിവേദനത്തിന്മേൽ FW2/1/2020-Health നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ, പ്രോജക്ട് ഡയറക്ടർ, ചിയാക്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ എന്നിവരിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ലൂപസ് അഥവാ സിസ്റ്റമിക് ലൂപസ് എരിത്തമറ്റോസിസ് രോഗ ചികിത്സയ്ക്കായി ഉപയോഗിച്ചു വരുന്നത് കീമോതെറാപ്പി മരുന്നായ സൈക്ലോഫോസ്ഫമൈഡ്, ബയോളജിക്കൽ മരുന്നായ Rituximab എന്നീ മരുന്നുകളുമാണ്. നിലവിലുള്ള മരുന്നു പട്ടിക പ്രകാരം ടി മരുന്നുകൾ, വാർഷിക ഇൻഡന്റ് മുഖേന ആവശ്യപ്പെടുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികൾ എന്നിവയിലൂടെ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിപണി വിലയെക്കാൾ വളരെ കുറഞ്ഞ വിലയിൽ ഈ മരുന്നുകൾ നൽകി വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08/01/2021 തീയതിയിലെ കത്ത് പ്രകാരം KGSMA Rule 1960 പ്രകാരം സിസ്റ്റമിക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന രോഗത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ടി അസുഖത്തിന് നൽകുന്ന മരുന്നും പരിശോധനകളും ടി അസുഖങ്ങൾ KGSMA അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നവയാണ് എന്നും ശുപാർശ ചെയ്തിട്ടുണ്ട്. മേൽ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) | സിസ്റ്റമറ്റിക്ക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന |

| | | | |
|---|---|---|---|
| | | | രോഗത്തിന് സൗജന്യ ചികിത്സാ സൗകര്യങ്ങളും, ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ അപൂർവ്വ രോഗം ബാധിച്ചവരുടെ സംഘടന ശ്രീ. യു. ആർ പ്രദീപ് എം.എൽ.എ മുഖേന സമർപ്പിച്ച നിവേദനത്തിന്മേൽ FW2/1/2020-Health നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ, പ്രോജക്റ്റ് ഡയറക്ടർ, ചിയാക്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ എന്നിവരിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ലൂപസ് അഥവാ സിസ്റ്റമിക് ലൂപസ് എരിത്തമറ്റോസിസ് രോഗ ചികിത്സയ്ക്കായി ഉപയോഗിച്ചു വരുന്നത് കീമോതെറാപ്പി മരുന്നായ സൈക്ലോഫോസ്ഫമൈഡ്, ബയോളജിക്കൽ മരുന്നായ Rituximab എന്നീ മരുന്നുകളുമാണ്. നിലവിലുള്ള മരുന്നു പട്ടിക പ്രകാരം ടി മരുന്നുകൾ, വാർഷിക ഇൻഡന്റ് മുഖേന ആവശ്യപ്പെടുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികൾ എന്നിവയിലൂടെ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിപണി വിലയെക്കാൾ വളരെ കുറഞ്ഞ വിലയിൽ ഈ മരുന്നുകൾ നൽകി വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08/01/2021 തീയതിയിലെ കത്ത് പ്രകാരം KGSMA Rule 1960 പ്രകാരം സിസ്റ്റമിക് ലൂപ്പസ് എരിത്തമറ്റോസിസ് എന്ന രോഗത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ടി അസുഖത്തിന് നൽകുന്ന മരുന്നും പരിശോധനകളും ടി അസുഖങ്ങൾ KGSMA അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നവയാണ് എന്നും ശുപാർശ ചെയ്തിട്ടുണ്ട്. മേൽ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ